**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2020** **06-07-2022 - ൽ മറുപടിയ്ക്ക്**

**വിസിൽബ്ലോവർമാരെ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ വകുപ്പിലോ സ്വകാര്യ സ്ഥാപനത്തിലോ നിയമവിരുദ്ധമായി സംഭവിക്കുന്ന കാര്യങ്ങൾ അധികാരികളെ അറിയിക്കുന്നവരെ (വിസിൽ ബ്ലോവർ) സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | നിയമവിരുദ്ധമായ സംഭവങ്ങൾ അധികാരികളെ അറിയിക്കുന്ന വിസിൽ ബ്ലോവർമാരുടെ വിവരങ്ങൾ അതീവ രഹസ്യമായി സൂക്ഷിക്കുന്നതാണ്. ഇപ്രകാരമുള്ള വിസിൽ ബ്ലോവർമാർക്ക് ഏതെങ്കിലും തരത്തിലുള്ള സംരക്ഷണം ആവശ്യമായി വന്നാൽ നിയമം അനുശാസിയ്ക്കുന്ന പരിരക്ഷ നൽകുന്നതാണ്. |
| (ബി) | വിസിൽബ്ലോവർമാരെ സംരക്ഷിക്കാൻ പുതിയ നിയമ നിർമ്മാണം നടത്താൻ തയ്യാറാകുമോ; | (ബി) | നിലവിൽ പരിഗണനയിലില്ല |
| (സി) | വിസിൽബ്ലോവർമാരെ പീഡിപ്പിക്കുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പയ്യന്നൂരിൽ കൃത്രിമ രസീതുണ്ടാക്കി തെരഞ്ഞെടുപ്പ് ഫണ്ടിൽ അറുപത് ലക്ഷം തട്ടിയെന്ന ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ഡി) | <u>ഡി & ഇ</u><br><br>ഈ വിഷയത്തിൽ ലഭിച്ച പരാതി No.97/SOPTN/P6/22 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും പരാതിയിൽ Prevention of corruption Act പ്രകാരമുള്ള കുറ്റകൃത്യം ആരോപിക്കുന്നതിനാൽ ആയത് സംബന്ധിച്ച് പോലീസ് പ്രാഥമിക അന്വേഷണം നടത്തി വരികയുമാണ്. |
| (ഇ) | ജനങ്ങളിൽ നിന്നും പിരിക്കുന്ന പണം വ്യക്തികൾ അപഹരിക്കുന്നത് നിയമവിരുദ്ധമായതിനാൽ പയ്യന്നൂർ രക്തസാക്ഷി സഹായ ഫണ്ട് അപഹരിച്ച കേസിൽ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഇ) | മറുപടി 'ഡി' യിൽ നൽകിയിരിക്കുന്നു . |

സെക്ഷൻ ഓഫീസർ